# KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

SCHOOL KALOLSAVAM-2017 PROGRAMME COMMITTEE

Code No. 202

വിഷയം : ഭൂമിയുടെ വിളികൾ.

## അവളെന്ന ഭൂമി

ചേറും ചെളിയും നിറഞ്ഞു നിറംകെട്ട
പാതയിലൂടിന്നു ഞാനും നടക്കയായ്.
എന്നത്തെയും പോലെ തീർത്തും ഏകാകിയായ്,
മുന്നോട്ടു നീങ്ങുന്നു ചായുന്ന സന്ധ്യയിൽ
ഓർമ്മയിൽ ഓടിത്തുടങ്ങിയിരിക്കുന്ന
ചുറ്റും വിളിക്കുന്ന ചോദ്യങ്ങളോരോന്നും
വേരുകൾ പിന്നെയും ആഴ്ന്നിറങ്ങുന്നിതാ
തീരാത്ത ദു:ഖത്തിൻ ഓരോ കടങ്ങളായ്
വറ്റി വരളുകയായ് നീരുറവകൾ
ശേഷിക്കും സമ്പാദ്യം ശോഷിക്കും പോലെയായ്.
വീട്ടിലെ പൈതങ്ങൾ എങ്ങിനെയിന്നിനി
കായും വയറുമായ് മാറേണ്ട ചേരുക?
പിന്നെയും ബാക്കിയായ് പൊട്ടിയൊരോട്ടു
പുരയും പ്രതീക്ഷകൾ കെട്ടൊരു ഹൃദയവും.
കാണും കിനാവുകൾക്കപ്പുറം മാഞ്ഞുവോ
മറ്റൊരു ജീവിതം നേടി പക്ഷികളും
പിന്നെപ്പതുക്കെ തലകുനിച്ചങ്ങു ഞാൻ
സാന്ത്വനം നേടുന്നു ആശ്വസിച്ചീടുന്നു.
എല്ലാം തനിക്കു വിധിയൊന്നതാകുന്നു,
ആരെപഴിക്കാൻ; ക്ഷമിച്ചിടാം പിന്നെയും.
പാതകൾ മുന്നോട്ടു നീണ്ടു കിടക്കുന്നു;
വീണ്ടും വമിക്കുന്ന ദുർഗന്ധമൊന്നോടെ.
രാത്രി തുടങ്ങയായ് ഈ തെരുവീഥിയിൽ
ഞാൻ വീണ്ടുമേകയായ് മാറിയിരിക്കുന്നു.

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

പെട്ടന്നൊടുങ്ങാത്ത പൈശാചികത !
അങ്ങേത്തുക്കൂടൊരു വണ്ടിപാറിപ്പോയി!
ഉള്ളം പിടഞ്ഞുപോയ് ആരെയാണെങ്കിലും
മറ്റൊരപകടം തന്നെയാവാമവ.
ഏതോ ഒരമ്മതൻ ജീവന്റെ നാളമിന്നാരോ
അലസമായൂതിക്കെടുത്തിയോ ?
കൂരിരുൾ പിന്നെയും മുന്നിൽ കടന്നു
താൻ വീഥിയിൽ ഇപ്പോഴുമേകയായ് നീങ്ങയായ്
മദ്യം മണക്കുന്ന കാൽപ്പെരുമാറ്റങ്ങൾ
പിന്നെയാ വീഥിയിൽ മാറ്റൊലിക്കൊണ്ടിച്ചു.
തീർത്തുമപരിചിതമായ കരങ്ങളാൽ
ബന്ധിതയായവൾ ; ആരുമറിഞ്ഞില്ല
പിന്നെ നിലവിളി കേട്ടവർ കേവലം
ചില്ലുകഷ്ണങ്ങളും തീരാത്ത പാതയും
അന്നവൾ തൻ കിനാവൊക്കെയും മാഞ്ഞുപോയ്
ചോര ചിതറിയ കാൽപ്പെരുമാറ്റത്തിൽ.
നേരം പുലർന്നപ്പോൾ കണ്ടതു ചിന്തിയ
അമ്മതൻ വേദന ; മറ്റൊന്നുമല്ലയേ
പിറ്റേന്നു പിന്നെയും മറ്റുതെരുവിലായ്
കണ്ടു അവളെ , മറ്റാരേയോ രൂപമായ്.
എന്നും കുരുതികൾ മാത്രം നടന്നിതാ,
ഇടവേളയില്ലാതെയോരോ തെരുവിലും.
പാവമവളുടെ ക്ഷമയല്ലേ പരീക്ഷിച്ചു -
തീരുന്നതില്ല ഇനിയൊരു ലോകവും.
അമ്മയായ് പിന്നെയും നിന്നേ വളർത്തിഹാ !
എങ്കിലും നന്ദിയായ് കുരുതി സമ്മാനിച്ചു.
ഓരോ ദിനത്തിലും അവളുടെ നിലവിളി
ചെവികൊടുക്കാതവർ മുന്നേ നടന്നുപോയ്.
ഭൂമിയാം തന്നെ,യവരിന്നു നോവിച്ചു ;
പൈതങ്ങളല്ലേ ! യെന്നൊന്നു തേങ്ങിയവൾ.
വർധിച്ചതല്ലാതെ ഒന്നും നിലച്ചില്ല
എന്നേയവർക്കമ്മ ശിക്ഷ വിധിക്കാത്തു...?
കാലം കഴിയുമ്പോൾ ബാക്കിയുണ്ടാവുമോ
ഒന്നു ക്ഷമിക്കുവാൻ പോലുമൊരു ഭൂമി...???

Scanned by CamScanner